എ. അബു കുന്നംകുളം

# ഡാർവിനിസം ചരിത്രവിരുദ്ധം

**പരീക്ഷണ** നിരീക്ഷണങ്ങളിലൂടെ ലഭിക്കുന്ന അറിവാണ് ശാസ്ത്രം. പരിണാമവാദം ചില നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങളാണ്. ശാസ്ത്ര ബോധമുള്ളവർ അതൊരു ശാസ്ത്രമായി അംഗീകരിക്കുന്നില്ല. നരവംശശാസ്ത്രജ്ഞരിൽ നല്ലൊരു വിഭാഗം ഡാർവിനിസത്തോട് യോജിപ്പുള്ളവരല്ല. 'പൊൻഗിഡെ' വർഗത്തിൽപെട്ട വാനരന്മാരെയും 'ഹൊമിനിഡെ' വർഗത്തിൽപെട്ട നരന്മാരെയും പരിണാമപരമായി യോജിപ്പിക്കാനുതകും വിധം ഫോസിൽ തെളിവുകളൊന്നും പുരാവസ്തു ഗവേഷകർക്കും ലഭിച്ചിട്ടില്ല. പല ജാതികളിൽപെട്ട ആൾക്കുരങ്ങന്മാരുടെ തലയോടുകളും പ്രാചീന കാലത്ത് ജീവിച്ച് മൺമറഞ്ഞുപോയ ചില മനുഷ്യരുടെ തലയോടുകളും ചേർത്ത് വെച്ച് ഒരു സാങ്കൽപിക പരിണാമചക്രം വരക്കുകയാണ് പരിണാമവാദികൾ ചെയ്യുന്നത്. വ്യതിയാനം, പാരമ്പര്യം, നിലനിൽപിനുള്ള പോരാട്ടം ഈ മൂന്നു തത്ത്വങ്ങളുടെ പരസ്പര പ്രവർത്തനം മൂലം പരിണാമം സംഭവിക്കുന്നുവെന്നാണ് ഡാർവിൻ വികസിപ്പിച്ചെടുത്ത സങ്കൽപം. ഭൂമിയുടെ ഉത്ഭവം മുതലുള്ള ചരിത്രവും ഇന്നുവരെ ലഭിച്ചിട്ടുള്ള ഫോസിലുകളും പരിശോധിച്ചാൽ ഈ വാദത്തിന് അനുകൂലമായ തെളിവുകളൊന്നും കണ്ടെത്താൻ കഴിയുകയില്ല.

അനന്തമായ മഹാപ്രപഞ്ചത്തിലെ പതിനായിരം കോടിയിലേറെ വരുന്ന നക്ഷത്രസമൂഹങ്ങളിലൊന്നാണ് നമ്മുടെ താരാപഥമായ 'ക്ഷീരപഥം.' ഈ നക്ഷത്രസമൂഹത്തിൽ പതിനായിരം കോടിയിലേറെ താരങ്ങളുണ്ട്. അതിൽ താരതമ്യേന ചെറിയൊരു നക്ഷത്രമാണ് സൂര്യൻ. അതിനെ ചുറ്റുന്ന അഷ്ടഗ്രഹ (പ്ലൂട്ടോ പുറത്ത്)ങ്ങളിൽ ഒരിടത്തരം ഗ്രഹമാണ് ഭൂമി. അറിയപ്പെട്ടിടത്തോളം ജീവൻ നിലനിൽക്കുന്ന ഏക ഗ്രഹം. അടുക്കു പാറകളുടെ അപഗ്രഥനത്തിൽ ഇതിന്റെ പ്രായം 460 കോടി കൊല്ലമാണെന്ന് കണക്കാക്കിയിരിക്കുന്നു. ഉത്ഭവകാലത്ത് ചുട്ടു തിളയ്ക്കുന്ന ഗോളമായിരുന്ന ഭൂമിയെ ജീവിതയോഗ്യമാക്കാൻ പ്രപഞ്ചനാഥൻ അതിനെ പല മാറ്റങ്ങൾക്കും വിധേയമാക്കി. പല യുഗങ്ങളിലൂടെ കടന്നുപോയ ഭൂമി മനുഷ്യവാസയോഗ്യമാവാൻ വീണ്ടും അനവധികോടി കൊല്ലങ്ങളെടുത്തു. ഉൽപത്തിമുതൽ 400 കോടി കൊല്ലം വരെയുള്ള 'പ്രീ കാമ്പ്രിയൻ' യുഗത്തിന്നൊടുവിലാണ് ആദിമ ജീവന്റെ ഉദ്ഭവം. 60–50 കോടി വർഷം മുമ്പ് 'കാമ്പ്രിയൻ' കാലഘട്ടത്തിലാണ് കടൽ ചെടികളും കടൽ ജീവികളും ഉടലെടുത്തത്. 50–40 കോടി കൊല്ലത്തിന്നിടയിലുള്ള ഓർഡോവിഷൻ യുഗത്തിലാണ് നട്ടെല്ലുള്ള ജീവികൾ പ്രത്യക്ഷപ്പെടുന്നത്. പ്രപഞ്ചസ്രഷ്ടാവ് പല കാലഘട്ടങ്ങളിൽ വ്യത്യസ്ത തരം ജീവികളെ സൃഷ്ടിച്ച് ഭൂമിയിൽ വിന്യസിക്കുകയായിരുന്നു. ആറുകോടി വർഷം മുമ്പ് മെസോസോയിക് യുഗത്തിൽ ഭീമൻ സരടങ്ങളായിരുന്നു ഭൂമി കൈവശപ്പെടുത്തിയിരുന്നത്. പതിനാറ് ലക്ഷം കൊല്ലംമുമ്പ് പ്ലൈസ്റ്റോസിൻ യുഗത്തിൽ 'മാമത്തുകൾ' എന്ന പേരിലറിയപ്പെടുന്ന ഒരു പ്രത്യേക ജാതി ആനകളായിരുന്നു ഭൂമിയിലെ പ്രധാന ജന്തുക്കൾ. ജീവനുള്ളവക്കെല്ലാം ഭക്ഷണമായും തണലായും ധാരാളം വൃക്ഷങ്ങളും ചെടികളും മുളച്ചിരുന്നു.

മനുഷ്യന്റെ ഭൂ അധിവാസ സമയത്ത് ആൾക്കുരങ്ങന്മാർക്കായിരുന്നു ഭൂമിയിൽ ആധിപത്യം. വിവിധയിനങ്ങളിൽപെട്ട വാനരന്മാരുടെ ഫോസിലുകൾ ലോകത്തിന്റെ പലഭാഗങ്ങളിൽനിന്നും കണ്ടെടുത്തിട്ടുണ്ട്. ഹോമോ ഇറക്ടറ്റസ് (നിവർന്നു നടക്കുന്നവ) വർഗത്തിൽപെട്ട ഇവയെല്ലാം 30,000–10,000 കൊല്ലത്തിനിടയിൽ വംശനാശം വന്നുപോയി. ഗറില്ലാ, ചിമ്പാൻസി പോലെ ചുരുക്കം ചില ജാതികൾ അവശേഷിച്ചു. മനുഷ്യനുമായുള്ള ശാരീരിക സംഘട്ടനം കൊണ്ടല്ല മറിച്ച് സാംസ്കാരിക സംഘട്ടനമാകാം അവയുടെ നാശത്തിന് കാരണം. ഹോമോ സാപ്പിയൻസ് (ബുദ്ധിയുള്ള മനുഷ്യൻ) ഭക്ഷണ ലഭ്യതയുള്ള പ്രദേശങ്ങളെല്ലാം കൈവശപ്പെടുത്തിയപ്പോൾ പട്ടിണിമൂലം ഈ മിണ്ടാപ്രാണികൾ ചത്തൊടുങ്ങി. മർത്യന്റെ ആഗമനകാലത്തുണ്ടായിരുന്ന പല ജീവിവർഗങ്ങളും അവന്റെ ക്രൂരത മൂലം കുറ്റിയറ്റുപോയി.

ഭൂമി വിവിധതരം കാലാവസ്ഥകളിലൂടെ കടന്നുപോയിട്ടുണ്ട്. ഇടവിട്ടിടവിട്ടുണ്ടാകാറുള്ള ഹിമപാതങ്ങളും പ്രകൃതിക്ഷോഭങ്ങളും ജീവജാലങ്ങൾ മണ്ണടിഞ്ഞുപോകാൻ കാരണമായി. സഹസ്രാബ്ദങ്ങൾ നീണ്ടുനിന്ന വർഷപാതം ഭൂഗർഭ ജല സമ്പത്ത് വർധിപ്പിച്ചു. ഉപരിതല ജലസ്രോതസ്സുകൾ വറ്റിയാലും മനുഷ്യന് നൂറ്റാണ്ടുകൾ ഉപയോഗിക്കാനുള്ള ഭൂഗർഭജലം ജഗന്നാഥൻ ഭൂമിക്കടിയിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. മണ്ണിനടിയിലായ ജന്തുക്കളുടെയും വൃക്ഷങ്ങളുടെയും അവശിഷ്ടങ്ങൾ യുഗങ്ങളിലൂടെ രാസപരിണാമങ്ങൾക്ക് വിധേയമായപ്പോൾ വേണ്ടത്ര ധാതുനിക്ഷേപങ്ങളുമായി. ഹൈഡ്രോകാർബണും ധാരാളമുളവായി. ചീഞ്ഞളിഞ്ഞ ഇലകളും, ജന്തുക്കളും ഹൈഡ്രോകാർബണായി പരിണമിച്ചപ്പോൾ പെട്രോളിന്റെ രൂപത്തിൽ മനുഷ്യന് ഏറ്റവും ഉപകാരപ്രദമായ ഇന്ധനം കിട്ടി. രക്തത്തേക്കാൾ മൂല്യമുണ്ട് പെട്രോളിന്. അറബ്-ഇസ്രാഈൽ യുദ്ധകാലത്ത് അമേരിക്കയിൽ പെട്രോൾ ക്ഷാമം നേരിട്ടപ്പോൾ രക്തം കൊടുത്താണ് ആളുകൾ കാറിൽ പെട്രോളടിച്ചിരുന്നത്. ഭൂമിക്കടിയിലാണ്ടുപോയ വൃക്ഷത്തടികൾ മറ്റൊരിന്ധനമായി. അതാണ് കൽക്കരി. ഡാർവിൻ സിദ്ധാന്തത്തിന് വിരുദ്ധമായി ഭൂമിയിൽ ജീവജാലങ്ങൾ കൂട്ടത്തോടെ നാമാവശേഷമായിട്ടുണ്ട്. പ്രതിരോധ ശേഷിയില്ലാത്തതുകൊണ്ട് മാത്രമല്ല. അത് ജഗന്നിയന്താവിന്റെ നിയമം അങ്ങനെ ആയതുകൊണ്ടാണ്. അതിന്റെ അനന്തരഫലമാണ് പെട്രോളിന്റെയും പ്രകൃതിവാതകങ്ങളുടെയും നിക്ഷേപങ്ങൾ.

## ആഗമനവും അധിനിവേശയാത്രയും

'ഹോമോ സാപ്പിയൻസ് സാപ്പിയൻസ്' ഒരു സുപ്രഭാതത്തിൽ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടുവെന്ന് ഭൂരിപക്ഷം ശാസ്ത്രജ്ഞരും കരുതുന്നു. എന്നാൽ എവിടെനിന്നുവന്നു? എവിടെ കണ്ടു എന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഒട്ടുമിക്ക ജനിതക ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും വിരൽ ചൂണ്ടുന്നത് ആഫ്രിക്കയിലേക്കാണ്.

മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു..... (വിശുദ്ധ ഖുർആൻ 49: 13).

ഒരു ജോഡി സ്ത്രീപുരുഷന്മാരിൽനിന്നുമാണ് മാനവവർഗം ഉടലെടുത്തതെന്ന് പ്രശസ്ത ജനിതക ശാസ്തജ്ഞൻ 'സ്പെൻസർവെൽസ്' ആയിരക്കണക്കിനാളുകളുടെ ഡി.എൻ.എ പരിശോധനയിലൂടെ തെളിയിച്ചിട്ടുണ്ട്. ഹിമയുഗത്തിന്റെ അന്ത്യഘട്ടത്തിൽ ആഫ്രിക്കയിലായിരുന്നു മനുഷ്യാരംഭമെന്ന് അദ്ദേഹം പറയുന്നു. പ്രശസ്ത ചരിത്രകാരൻ ഇൻഫാൻ ഹബീബിന്റെ 'പ്രാക്ചരിത്രം'

എന്ന ഗ്രന്ഥത്തിലും മനുഷ്യന്റെ ജന്മ സ്ഥലം ആഫ്രിക്കയാണെന്ന് എഴുതിയിരിക്കുന്നു. ആദം(അ) ഭൂമിയിൽ ഇറങ്ങിയത് സംബന്ധിച്ച് പല ഇതിഹാസങ്ങളും നിലവിലുണ്ട്. അദ്ദേഹം ഇറങ്ങിയത് സിലോണിലെ ആദം മലയിലാണെന്നും ജീവിച്ചതും മരിച്ചതും അവിടെതന്നെയാണെന്നും അവിടെനിന്ന് 40 പ്രാവശ്യം മക്കയിൽ ഹജ്ജിന് വന്നിട്ടുണ്ട്, അറഫയിൽവെച്ചായിരുന്നു ഹവ്വയെ കണ്ടുമുട്ടിയത് എന്നെല്ലാം...... മതപരമായോ ശാസ്ത്രീയമായോ ചരിത്രപരമായോ യാതൊരടിസ്ഥാനവുമില്ലാത്ത ധാരാളം കഥകളുണ്ട്.

ഭൂമിയിൽ മഞ്ഞുരുകാൻ തുടങ്ങിയ സമയത്തായിരുന്നു മനുഷ്യൻ ആദ്യമായി ഭൂമിയിൽ കാലുകുത്തിയത്. സമ്പൽസമൃദ്ധിവും സുഖദായകവുമായ സ്വർഗത്തോപ്പിൽനിന്നും വറുതിയുടെ ലോകത്തേക്കാണവൻ കടന്നുവന്നത്. പറിച്ചുതിന്നാൻ കായ്ക്കനികളോ വേട്ടയാടാൻ മൃഗങ്ങളോ പരിസരത്തൊന്നുമുണ്ടായിരുന്നില്ലെന്ന് 'സ്പെൻസർവെൽസ്' അഭിപ്രായപ്പെടുന്നു. വെള്ളവും ഭക്ഷണവും തേടി മനുഷ്യരും മൃഗങ്ങളും ഭൂമുഖത്ത് അലഞ്ഞുനടന്നു. കടലോ പുഴകളോ തടാകങ്ങളോ ഒന്നും ദൃശ്യമല്ല. എല്ലാം മഞ്ഞിൽ പുതഞ്ഞു കിടന്നു. 'ചൂടും ജലവും അന്വേഷിച്ചായിരുന്നു അന്ന് മനുഷ്യന്റെ യാത്ര' (പ്രാക്ചരിത്രം) കടുത്ത ശൈത്യം വറുതിക്ക് കാരണമായെങ്കിലും യാത്രക്ക് അനുകൂലമായിരുന്നു. ഭൂമിയിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നഗ്നപാദരായി നടക്കാൻ അന്ന് മനുഷ്യന് സാധിക്കുമായിരുന്നു. ആഫ്രിക്കയിൽനിന്നും പുറപ്പെട്ട ആദ്യ സംഘം മധ്യേഷ്യയിലെ തെക്കൻ തീരത്തുകൂടി ഇന്ത്യയിലേക്കും പിന്നീട് ആസ്ത്രേലിയയിലേക്കും കടന്നു. ഇന്ത്യയിൽനിന്ന് ആസ്ത്രേലിയയിലേക്ക് വെറും 250 നാഴിക സഞ്ചരിച്ചാൽ മതിയായിരുന്നുവെന്ന് 'വെൽസ്' പറയുന്നു. ഈ ദൂരക്കുറവുകൊണ്ടായിരിക്കാം ലോക ജനതയിലെ ഏറ്റവും പ്രാകൃത വർഗത്തെ ആസ്ത്രേലിയയിൽ കണ്ടുവരുന്നത്. പിന്നീട് പുറപ്പെട്ട സംഘങ്ങൾ പശ്ചിമേഷ്യവഴി അർമീനിയയിലേക്കും അവിടെനിന്ന് കാക്കസസ് പർവത മാർഗത്തിലൂടെ റഷ്യയിലേക്കും പോയി. റഷ്യയിൽനിന്ന് ബെറിംഗ് കടലിടുക്ക് വഴി വടക്കേ അമേരിക്കയിലേക്കും പിന്നീട് തെക്കേ അമേരിക്കയിലേക്കും നീങ്ങി. 20,000 കൊല്ലംമുമ്പ് തന്നെ പെറുവിൽ ഒരർധ സംസ്കൃതിയുണ്ടായിരുന്നുവെന്ന് *ലോകചരിത്ര സംഗ്രഹ* (എച്ച്.ജി വെൽസ്) ത്തിലും സൂചിപ്പിക്കുന്നുണ്ട്. ചില യാത്രാസംഘങ്ങൾ ചൈനയിലേക്കും കുടിയേറി. ഒരു പഴയ സംസ്കാരചരിത്രം ചൈനക്കും പറയാനുണ്ട്. അവസാനം യൂറോപ്പിലും മനുഷ്യർ വ്യാപിച്ചു. മനുഷ്യന്റെ യാത്രക്ക് സഹസ്രാബ്ദങ്ങളെടുത്തു. അപ്പോഴേക്കും ചേർന്നുകിടന്നിരുന്ന വൻകരകൾ അകലുകയും ഭൂപടം ഇന്നത്തേതുപോലെ ആയിത്തീരുകയും ചെയ്തു.

'നിങ്ങളെ അവൻ മണ്ണിൽനിന്നും സൃഷ്ടിച്ചു എന്നിട്ട് ഇതാ (ലോകമാകെ) വ്യാപിക്കുന്ന മനുഷ്യവർഗമായിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ (വിശുദ്ധ ഖുർആൻ 30: 20)

വേദസംസ്കാര കാലഘട്ടത്തിൽ മാനവവർഗം യാത്രയിലായിരുന്നു. അന്ന് മനുഷ്യൻ സത്യമാർഗത്തിൽനിന്നും വ്യതിചലിച്ചിരുന്നില്ല. നവീനശിലായുഗത്തിൽ കാർഷിക വിപ്ലവമുണ്ടായപ്പോഴാണ് ബഹുദൈവാരാധനകളും ദുഷ്കർമങ്ങളും വ്യാപകമായത്.

മനുഷ്യസമുദായം (ആദിയിൽ) ഏകസമുദായമായിരുന്നു. (അതായത് പ്രകൃതിയുടെ മാർഗദർശനമനുസരിച്ച് ചരിക്കുന്ന സമൂഹം) അനന്തരം അവർ വ്യത്യസ്ത മാർഗം അവലംബിച്ച് ഭിന്നിച്ചു. അപ്പോൾ അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. സന്മാർഗം അവലംബിക്കുന്നവർക്ക് സദ്ഫലത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവരും ദുർമാർഗികൾക്ക് ദുഷ്ഫലത്തെപ്പറ്റി മുന്നറിയിപ്പു നൽകുന്നവരുമായിട്ട്... (വിശുദ്ധ ഖുർആൻ 2: 213)

ആഫ്രിക്ക മനുഷ്യന്റെ പിള്ളത്തൊട്ടിലാണെങ്കിൽ പശ്ചിമേഷ്യയാണവന്റെ നേഴ്സറിയെന്ന് സ്പെസർവെൽസ് അഭിപ്രായപ്പെടുന്നു. ലോകത്താദ്യമായി ഒരു പൂർണ സംസ്കൃതി മെസൊപ്പൊട്ടോമിയയിലാണ് ഉടലെടുത്തതെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. പുരാതന കാലത്തെ പ്രവാചകന്മാരായ ഇദ്രീസ് (അ) നൂഹ്(അ) തുടങ്ങിയവർ ഇറാഖുകാരായിരുന്നു... ബൈബിളിൽ മനുഷ്യാരംഭം തന്നെ മെസപ്പൊട്ടോമിയയിൽനിന്നാണ്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികൾ സ്വർഗനദികളാണെന്നും ഏദൻതോട്ടം അവയുടെ തീരത്താണെന്നും ആദം ഹവ്വ ദമ്പതിമാരെ അവിടെനിന്ന് പുറത്താക്കിയെന്നും പറയുന്നു. (ഉൽപത്തി 2: 14–25)

മനുഷ്യൻ ആൾക്കുരങ്ങുകളിൽനിന്നും പരിണമിച്ചുണ്ടായതാണെങ്കിൽ ലോകചരിത്രം മറ്റൊന്നാകുമായിരുന്നു. ലോകത്തിന്റെ ഏതാണ്ടെല്ലാ ഭാഗത്തുനിന്നും ആൾക്കുരങ്ങുകളുടെ ഫോസിലുകൾ കണ്ടെടുത്തിട്ടുണ്ട്. മനുഷ്യാരംഭം പലദിക്കിൽനിന്നും ആകും.

## വർണ വൈജാത്യം

ജൈവപരമായി മനുഷ്യരെല്ലാം ഹോമോസാപ്പിയൻസ് വർഗത്തിൽപെടുന്നു. വൈജാത്യം മൗലികമായി ഭൂപരമാണ്. അധിനിവേശ യാത്രകളിൽ ഡി.എൻ.എയിൽ ചില്ലറ മാറ്റങ്ങളുണ്ടായെങ്കിലും ഭൂപ്രകൃതിയും കാലാവസ്ഥയും തന്നെയാണ് വർണ വ്യത്യാസത്തിന് പ്രധാന കാരണം. ഇന്ത്യയിൽതന്നെ വിവിധ സംസ്ഥാനത്തിലുള്ളവർ പല നിറത്തിലും ആകാരത്തിലുമുള്ളവരാണ്. മലകൾക്കും പുഴകൾക്കും ഇടയിൽ ധാരാളം മഴകിട്ടുന്ന കേരളീയനും തൊട്ടയൽപക്കമായ തമിഴ്നാട്ടിൽ വരണ്ട കാലാവസ്ഥയിൽ താമസിക്കുന്ന തമിഴനും തമ്മിൽ നിറത്തിലും മുഖഭാവത്തിലുമുള്ള വ്യത്യാസം ഒറ്റനോട്ടത്തിൽതന്നെ തിരിച്ചറിയാം.

'ആകാശ ഭൂമികളുടെ സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.' (വിശുദ്ധഖുർആൻ 30: 22)

നരവംശശാസ്ത്രം ആദം സന്തതികളെ അഞ്ചായി തരംതിരിച്ചിരിക്കുന്നു. കോക്കസോയിഡ് (യൂറോപ്പി) നൈഗ്രേഡ്, മംഗ്ലോയിഡ്, റെഡ് ഇന്ത്യൻ, ഓസ്ട്രോലോയിഡ് എന്നിങ്ങനെ.. വികസിതമായ താടിരോമം (പുരുഷന്മാർക്ക്) കുത്തനെയുള്ളതോ നേർത്തതോ ആയമൂക്ക്. യൂറോപ്പിലും മധ്യേഷ്യയിലും പശ്ചിമേഷ്യയിലും കോക്കസോയിഡ് താമസിക്കുന്നു. സഹാറക്ക് തെക്കും ഏഷ്യൻ ഉഷ്ണ മേഖലയിലും കണ്ടുവരുന്ന നൈഗ്രോയിഡിന് പിരിയൻ തലമുടി, തടിച്ച ചുണ്ട്, എണ്ണക്കറുപ്പ് നിറം. മഞ്ഞയോ മഞ്ഞകലർന്ന തവിട്ടുനിറമോ ഉള്ള തൊലി, നേരെയുള്ള തലമുടി, പതിഞ്ഞ മൂക്ക് മംഗ്ലോയിഡിന്റെ ലക്ഷണമാണ്. ചൈന, സൈബീരിയ തുടങ്ങിയ രാജ്യങ്ങളിൽ കണ്ടുവരുന്നു. മലയ് മംഗ്ലോയിഡ് വർഗത്തെ മലയ്, ജപ്പാൻ, തായ്ലന്റ് മുതലായ രാജ്യങ്ങളിൽ കാണാം. ഇവരോട് സാമ്യമുള്ള റെഡ് ഇന്ത്യൻസ് വടക്കേ അമേരിക്കയിൽ താമസിക്കുന്നു. തവിട്ടു നിറമുള്ള തൊലി, ഉയർന്ന് വീതികൂടിയ മൂക്ക്, കുറിയ മുഖം, താഴ്ന്ന നെറ്റി എന്നിവയുള്ള ആസ്ത്രേലിയക്കാരാണ് ജീവിച്ചിരിക്കുന്ന മനുഷ്യരിൽ ഏറ്റവും പ്രാകൃതരെന്ന് കരുതപ്പെടുന്നു. ഇതിൽനിന്നും ആദിമ മനുഷ്യന്റെ നിറം തവിട്ടു നിറമാണെന്ന് അനുമാനിക്കാം. അതിൽനിന്നും ഉദ്ഭൂതമായതാണ് മറ്റെല്ലാ വർണങ്ങളും.

വർണ വൈവിധ്യം തികച്ചും ഭൂപരമാണ്. ഇതിലും പരിണാമസിദ്ധാന്തത്തിന് യാതൊരു പങ്കുമില്ല. മാത്രമല്ല മനുഷ്യന്റെയും ആൾക്കുരങ്ങിന്റെയും ഡി.എൻ.എ തമ്മിൽ യാതൊരു സാദൃശ്യവുമില്ല. മറ്റു മൃഗങ്ങളുടേതു പോലെതന്നെയാണ് ഇവയുടേയും ഡി.എൻ.എ ഘടന. ■